ഭൂമി പതിച്ചു കൊടുക്കണമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളും ആവശ്യപ്പെട്ടിട്ടും ഇന്നുവരെയായിട്ടും പതിച്ചു കൊടുത്തിട്ടില്ല. ഇതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: കണ്ണൂർ ജില്ലയിലെ മാട്ടൂർ പ്രദേശത്തുനിന്ന് ഭൂമി പതിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. ഭൂ പതിവു ചട്ടമനുസരിച്ച് ഭൂമി പതിച്ചു കൊടുക്കണമെന്ന് കളക്ടർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: നഗരാതിർത്തിക്കു പുറത്തുള്ള ഭൂമി നഗരസഭയ്ക്കോ മറ്റോ ആവശ്യമുണ്ടോ എന്നു നോക്കിയതിനു ശേഷമേ പതിച്ചു കൊടുക്കാൻ സാധിക്കുകയുള്ളൂ എന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. വർഷങ്ങളായി അടകുടിയായി താമസിക്കുന്ന ആളുകളുടെ കൈവശമിരിക്കുന്ന എട്ടോ, പത്തോ സെൻറ് ഭൂമി വീതം പതിച്ചു കൊടുക്കണമെന്നുള്ള അഭ്യർത്ഥന അനുസരിച്ച് സർവ്വേ ആരംഭിച്ച് ഉടൻതന്നെ പട്ടയം കൊടുക്കുന്നതാണെന്നു മന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു. ഈ പ്രഖ്യാപനം ആ നടപടിക്ക് ഒരിക്കലും തടസ്സമാകുകയില്ലെന്ന് വിശ്വസിക്കാമോ?

ശ്രീ. കെ. ടി. ജേക്കബ്: സർവ്വേ പൂർത്തിയായി സകല ആളുകൾക്കും സ്ഥിരമായ അവകാശം കൊടുക്കുന്നതിനുള്ള നടപടികളും തിരുവനന്തപുരം പട്ടണത്തിലും പരിസര പ്രദേശങ്ങളിലും എന്തായിരുന്നാലും നടക്കുന്നതാണ്.

ശ്രീ. ബി. മാധവൻ നായർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് സർവ്വേ പൂർത്തിയായിട്ടുള്ളതും വളരെക്കാലമായി കൈവശം വച്ചിരിക്കുന്നതുമായ ഈ പട്ടണത്തിന്റെ അതിർത്തിക്കകത്തുള്ള ആളുകൾക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിനെ സംബന്ധിച്ച് തിരുവനന്തപുരം ഭൂവിതരണക്കമ്മിറ്റിയെ ഏൽപ്പിക്കാനാണോ അതോ മന്ത്രി നേരിട്ടു നടത്താനാണോ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ടി. ജേക്കബ്: താലൂക്ക് ഭൂവിതരണക്കമ്മിറ്റിയുടെ പരിധിയിൽ വരേണ്ട ഒരു കാര്യമാണെന്നാണ് എന്റെ അഭിപ്രായം. അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: പമ്പാ ഇറിഗേഷൻ സ്കീം അനുസരിച്ചുള്ള തോട് നിർമ്മാണത്തിന്വേണ്ടി പത്തും ഇരുപതും ഇരുപത്തെട്ടും മുപ്പതും സെൻറ് മാത്രം ഭൂമിയുള്ള ആളുകളുടെ ഭൂമി അക്വയർ ചെയ്യുമ്പോൾ പകരം അവർക്ക് ഭൂമി കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ടി. ജേക്കബ്: കനാൽ ആവശ്യത്തിനും മറ്റും ഭൂമി അക്വയർ ചെയ്യേണ്ടിവരുമ്പോൾ വളരെ സാധുക്കളായ ആളുകളുടെ ഭൂമിയും അക്വയർ ചെയ്യേണ്ടി വരുന്നുണ്ട്. അങ്ങനെയുള്ള ആളുകൾക്ക് പകരം ഭൂമി കൊടുത്ത് അവരെ പുനരധിവസിപ്പിക്കുന്ന കാര്യം നിശ്ചയമായും പരിഗണിക്കാവുന്നതാണ്.

കൃഷി വകുപ്പിന്റെ പദ്ധതികൾ

* 40 (147) ശ്രീ. എസ്. ദാമോദരൻ
,, എൻ. വാസുദേവൻ പിള്ള
,, സി. ബി. ചന്ദ്രശേഖരവാര്യർ
,, പി. ജി. പുരുഷോത്തമൻ പിള്ള
,, സി. ഗോവിന്ദപ്പണിക്കർ
,, വി. എസ്. അച്ചുതാനന്ദൻ: (താഴെ കാണുന്ന)

ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സഭയ്ക്കുമറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വിവിധ പദ്ധതികളിലായി ഗവൺമെൻറിന് വമ്പിച്ച നഷ്ടമുണ്ടായിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായംകുളം, പരവൂർ തുടങ്ങിയ സ്ഥലങ്ങളിലെ കായൽ റിക്ലമേഷൻ പദ്ധതികളുടെ നടത്തിപ്പിലുണ്ടായ പരാജയവും അപാകതകളും നിമിത്തം ഗവൺമെൻറിനു വമ്പിച്ച നഷ്ടം ഉണ്ടായിട്ടുണ്ടെന്ന പരാതി കണക്കിലെടുത്ത് ഒരന്വേഷണം നടത്തുമോ?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ): (എ) കായംകുളം കായൽ കൃഷിയുടെ നടത്തിപ്പിൽ ചില ക്രമക്കേടുകളും തൻമൂലം നഷ്ടവുമുണ്ടായിട്ടുണ്ടെന്നുള്ള പരാതി ഒഴികെ മറ്റ് യാതൊരു പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കായംകുളം കായൽ റിക്ലമേഷൻ പദ്ധതി പ്രവർത്തനത്തിലുള്ള ചില അപാകതകളെപ്പറ്റി പരാതികിട്ടിയിരുന്നതനുസരിച്ച് ഒരന്വേഷണം നടത്തിവരികയാണ്.

(സി) പരവൂർ കായൽ റിക്ലമേഷൻ പദ്ധതിയെക്കുറിച്ച് യാതൊരു പരാതികളും കിട്ടിയിട്ടില്ല.

ശ്രീ. എസ്. ദാമോദരൻ: ഗവൺമെൻറിൽനിന്നും നേരിട്ട് കൃഷി നടത്തുന്ന കായംകുളം കായലിലെ കൃഷി നഷ്ടമായി നടത്താൻ ഇടയായിട്ടുള്ളത് കൃഷി നഷ്ടമാണെന്ന് വരുത്തിയിട്ട് കർഷകത്തൊഴിലാളികളുടെ അവകാശങ്ങളെ നിഷേധിക്കുന്നതിന്വേണ്ടിയുള്ള ഒരു അവസരം കൃഷിക്കാർക്ക് ഉണ്ടാക്കിക്കൊടുക്കുന്നതിന് വേണ്ടിയാണോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കായംകുളം കായലിൽ കഴിഞ്ഞ വർഷം ഏതാണ്ട് 25 ശതമാനത്തോളം ഭാഗം യാതൊരു കൃഷിയും ചെയ്യാതെ കൃഷിചെയ്യുന്നതിന് യാതൊരു ശ്രമവും നടത്താതെ തരിശിട്ടിരുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന് ഉത്തരവാദികളെ ആരാണെന്ന് അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ: അന്വേഷിച്ച് വേണ്ട നടപടികളും കൈക്കൊള്ളുന്നതായിരിക്കും.

ശങ്കരൻ കമ്മീഷൻ റിപ്പോർട്ട്

* 41 (148) ശ്രീ. സി. കെ. രാജൻ:
,, എ. വി. ആര്യൻ
,, ടി. കെ. രാമകൃഷ്ണൻ:
,, വി. ശ്രീധരൻ
,, പി. ജി. പുരുഷോത്തമൻ പിള്ള
,, എം. കെ. എ. ഹമീദ്
,, പി. പി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിലെ അഴിമതികളെക്കുറിച്ചുള്ള ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ട് എത്ര നാളുകളായി;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly